Lalith Babu

**അപേക്ഷകൻ അടച്ച പണം തിരിച്ചു നല്കേണ്ട സാഹചര്യം ഉണ്ടായാൽ അത് തിരിച്ചു നൽകുന്നത് സംബന്ധിച്ചും, അപേക്ഷകന് വിവരം നൽകുന്നതിനു വേണ്ടി വരുന്ന ചെലവു വഹിക്കുന്നത് സംബന്ധിച്ചുള്ള സർക്കുലർ**

**കേരള സർക്കാർ**

ധനകാര്യ (എക്സ്പെ. ബി) വകുപ്പ്

നം.61/2008/ധന തിരുവനന്തപുരം 2008 ഒക്ടോബർ 15

# സർക്കുലർ

വിഷയം: വിവരാവകാശ നിയമം-2005-നടപടികൾ സംബന്ധിച്ച്

സൂചന: 16-6-2004 ലെ ഫെറ്റോ ജനറൽ സെക്രട്ടറിയുടെ കത്ത്

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷാഫീസ് , രേഖകൾക്കുള്ള ഫീസ് എന്നിവ ട്രഷറിയിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. എന്നാൽ രേഖകളുടെ പകർപ്പെടുക്കുന്നതിനുള്ള സൗകര്യം മിക്ക ഓഫീസുകളിലും ലഭ്യമല്ലാത്തതിനാൽ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നതായി സൂചനയിലെ കത്തിൽ പരാമർശിക്കുന്നു. അതിനാൽ രേഖകളുടെ പകർപ്പെടുക്കുന്നതിനുള്ള ഫീസ് പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും അക്കാര്യത്തിനുവേണ്ടിയുള്ള ചെലവുകൾ പ്രസ്തുത അക്കൗണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഫെറ്റോ ജനറൽ സെക്രട്ടറിയുടെ കത്തിൽ പറയുന്നു. നിശ്ചിത സമയത്തിനകം വിവരങ്ങൾ നൽകാൻ കഴിയാത്ത പക്ഷം യാതൊരു ഫീസും ഇല്ലാതെ വിവരങ്ങൾ നൽകണമെന്ന് വിവരാവകാശ നിയമം റൂൾ 7(6)-ൽ വിശദീകരിക്കുന്നതിനാൽ, ഇത്തരം സംഗതികളിൽ പണം തിരിച്ചു നൽകേണ്ടതുണ്ടെന്നും ആയത് തിരിച്ചു നൽകുന്നതിന് മേൽപ്പറഞ്ഞ നടപടി എളുപ്പമായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുംപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുമ്പോഴുണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിലേയ്ക്കായി, ചെലവുകൾക്ക് വേണ്ടിവരുന്ന തുക ആതാത് ഓഫീസിന്റെ '05-4' ഓഫീസ് ചെലവുകൾ, മറ്റിനങ്ങൾ അല്ലെങ്കിൽ '34 മറ്റു ചെലവുകൾ' എന്ന ഉപശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. പൊതുജനങ്ങൾ വിവര ലഭ്യതയ്ക്കായി ഒടുക്കുന്ന തുക 0070-60-800-36-Receipt under Right to Information Act-2005 (വിവരാവകാശ നിയമപ്രകാരമുള്ള വരവ്-2005) എന്ന ശീർഷകത്തിലും അടയ്ക്കാവുന്നതാണ്.

വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ഒടുക്കിയ തുക തിരിച്ചു നൽകേണ്ട സാഹചര്യത്തിൽ " 0070-60-900-99 കിഴിവ് തിരിച്ചടയ്ക്കൽ " ശീർഷകത്തിൽ കുറവ് വരുത്തി നൽകാവുന്നതാണ്.

റ്റി. കെ. മനോജ് കുമാർ

സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ)